വിളക്കുകളും സ്ഥാപിച്ചു.

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ 50 എൽ.ഇ.ഡി. തെരുവുവിളക്കുകളും 1500 എൽ.ഇ.ഡി. ബൾബുകളും ആലപ്പുഴയിൽ 50 എൽ.ഇ.ഡി. തെരുവുവിളക്കുകളും 1600 എൽ.ഇ.ഡി. ബൾബുകളും വിയ്യൂരയിൽ 50 എൽ.ഇ.ഡി. തെരുവുവിളക്കുകളും 1500 എൽ.ഇ.ഡി. ബൾബുകളും സ്ഥാപിച്ചു.

2. എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കൽ:-

കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലും 100 വീതം എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിച്ചു.

3. മാതൃകാ പദ്ധതികൾ നടപ്പിലാക്കൽ:- ബി.ഇ.ഇ.യുടെ ധനസഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷനിൽ വെള്ളയമ്പലം മുതൽ വഴുതക്കാട് വരെ 100 വാട്സിന്റെ 70 എൽ.ഇ.ഡി. തെരുവുവിളക്ക് സ്ഥാപിക്കുന്ന പദ്ധതിയും കോർപ്പറേഷൻ പരിധിക്കുള്ളിൽ 45 വാട്സിന്റെ 500 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിച്ചുവരുന്നു.

(ബി) ഇല്ല.

(സി) എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ സാധാരണക്കാരന് വിതരണം ചെയ്യുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പദ്ധതിക്ക് പ്രാരംഭ നടപടികളുടെ ചർച്ചകൾ നടന്നുവരുന്നു.

വൈക്കം നിയോജക മണ്ഡലത്തിലെ ഊർജ്ജ വകുപ്പിന്റെ പദ്ധതികൾ

6 (346) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജക മണ്ഡല പരിധിയിൽ ഊർജ്ജ വകുപ്പുവഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇതുവഴി എത്ര രൂപയുടെ വികസന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) . കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ വൈക്കം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെന്നും ഇതിന്റെ ഏതെങ്കിലും തുടർപദ്ധതികൾ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരവും, കെ.എസ്.ഇ.ബി.യുടെ സ്വന്തം ഫണ്ട് ഉപയോഗിച്ചും മൊത്തം 980 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. ഇതു പ്രകാരം മൊത്തം 5266 വീടുകൾ വൈദ്യുതീകരിക്കാൻ സാധിച്ചു

പ്രസരണ വിഭാഗത്തിന്റെ കീഴിൽ വൈക്കം 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 12.5 എം.വി.എ. ശേഷിയുള്ള 110/11 കെ.വി. ട്രാൻസ്ഫോർമറും അനുബന്ധ 11 കെ.വി. പാനൽ സെറ്റുകളും സ്ഥാപിച്ച് ശേഷി വർദ്ധന നടത്തിയിട്ടുണ്ട്. ഇതിനായി ആകെ 242 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി നടപ്പിലാക്കി. തുടർ പദ്ധതിയായി ആർ.ജി.ജി.വൈ. പദ്ധതി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്.

പുതുക്കിയ ഇലക്ട്രിസിറ്റി സപ്ലൈകോഡ്

7 (347) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുക്കിയ ഇലക്ട്രിസിറ്റി സപ്ലൈകോഡ് നിലവിൽ വിന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത സപ്ലൈകോഡിൽ വീട്ട നമ്പർ കിട്ടാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly